LIBRARY ARCHIVES Kerala Legislative Assembly

വൃദ്ധരെ പുനരധിവസിപ്പിക്കുന്നതിനായി സാമൂഹിക കേന്ദ്രം

317 (1791) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി പഞ്ചായത്തിലുള്ള നന്നിയിൽ വൃദ്ധരെ പുനരധിവസിപ്പിക്കുന്നതിനായി സാമൂഹിക കേന്ദ്രം നിർമ്മിക്കുന്നതു സംബന്ധിച്ച നടപടികളുടെ പുരോഗതി സാമൂഹ്യനീതി വകുപ്പിലെയും ജില്ലാ സാമൂഹ്യനീതി ഓഫീസിലെയും ബന്ധപ്പെട്ട ഫയലുകളുടെ പൂർണ്ണമായ പകർപ്പ് ലഭ്യമാക്കിക്കൊണ്ട് വിശദമാക്കാമോ ;

(ബി) പ്രസ്തുത വിഷയത്തിൽ ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുള്ളത് എന്നത് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) തിക്കോടി ലൈറ്റ് ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം വകുപ്പിന് ലഭിക്കുന്നതിനായുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് നൽകുന്നതിനായി സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും ലഭ്യമാക്കുവാൻ വില്ലേജ് ആഫീസർക്ക് അപേക്ഷിച്ചപ്പോൾ ടി സ്ഥലം കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്ന് ബോദ്ധ്യപ്പെട്ടുകയുണ്ടായി. ഈ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ റവന്യൂ വകുപ്പുമായി ആലോചിച്ച് ചെയ്യുന്നതാണ്. ഈ വിഷയം സംബന്ധിച്ച സെക്രട്ടറിയേറ്റിലെ സാമൂഹ്യനീതി വകുപ്പിലെ ഫയലിന്റെ പകർപ്പും സാമൂഹ്യനീതി ഡയറക്ടറേറ്റിലെ ഫയലിന്റെ പകർപ്പും ജില്ലാ സാമൂഹ്യനീതി ഓഫീസിലെ ഫയലിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.*

നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയ അംഗൻവാടികളുടെ നിർമ്മാണം

318 (1792) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടക്കുന്ന അംഗൻവാടികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് പുതിയ അംഗൻവാടികളെ തെരഞ്ഞെടുത്തിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടക്കുന്ന അംഗൻവാടികളുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു :

പ്രോജക്ട്	പഞ്ചായത്ത്	അംഗൻവാടി സെന്റർ നമ്പർ	നിർമ്മാണ പുരോഗതി
കല്ല്യാശ്ശേരി അഡീഷണൽ	ഏഴോം	38	നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു.
കല്ല്യാശ്ശേരി അഡീഷണൽ	ഏഴോം	48	നിർമ്മാണം അവസാന ഘട്ടത്തിലാണ്.

(ബി) ഈ വർഷം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തുന്നതിന് തെരഞ്ഞെടുത്ത അംഗൻവാടികളിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ അംഗൻവാടികളൊന്നും തന്നെ ഉൾപ്പെട്ടിട്ടില്ല.

അംഗപരിമിതി സെൻസസ്

319 (1793) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരളാ സാമൂഹ്യ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ അംഗപരിമിത സെൻസസിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന വിശദമാക്കാമോ;

(ബി) സെൻസസിന്റെ വിവരശേഖരണത്തിനായി നിയോഗിച്ചത് ആരെയാണെന്ന് വ്യക്തമാക്കാമോ;

(സി) സെൻസസ് നടത്തിയവർക്ക് പ്രതിഫലമായി കൊടുത്തതും ഇനി കൊടുത്തുതീർക്കാനുണ്ടെങ്കിൽ ആയത് സംബന്ധിച്ചും ഉള്ള വിവരം ലഭ്യമാക്കുമോ;

(ഡി) സെൻസസ് നടത്തിയവരുടെ പ്രതിഫലം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപയും 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപയുമാണ് അംഗപരിമിത സെൻസസിനായി വകയിരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly